## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **207** 19.06.2012 - ലെ മറുപടി

### ജെ.എൻ.ആർ.യു.എം

ചോദ്യം ഉത്തരം

ശ്രീ. സാജു പോൾ :
" വി. ശിവൻകുട്ടി :
" ബാബു എം. പാലിശ്ശേരി :
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജെ.എൻ.ആർ.യു.എം. പ്രകാരമുള്ള ബസ്സുകൾ സർവ്വീസ് നടത്തുന്നത് ലാഭകരമാണോ; | (എ) | JnNURM പ്രകാരമുള്ള ബസ്സുകൾ ഓടിക്കുന്നതുവഴി കെ.എസ്.ആർ.ടി.സി. ക്ക് പ്രവർത്തന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ നിലവിലുള്ള തേയ്മാന ചെലവുകൾ ഉൾപ്പെടെയുള്ള കണക്കുകൾ കൂടി രേഖപ്പെടുത്തി വരവ് - ചെലവ് കണക്ക് തയ്യാറാക്കുമ്പോൾ JnNURM ബസ്സുകൾ ഓടിക്കുന്നതുവഴി കെ.എസ്.ആർ.ടി.സി. ക്ക് നഷ്ടമാണുണ്ടാകുന്നത്. |
| (ബി) | ഈ ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് കേന്ദ്രം നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നത് സർവ്വീസ് നഷ്ടത്തിലാക്കുന്നതായി കരുതുന്നുണ്ടോ; | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| (സി) | ഈ സർവ്വീസ് കൂടുതൽപേർക്ക് പ്രയോജനപ്പെടുത്തുന്നതിനും ലാഭകരമാക്കുന്നതിനും ഉതകുന്നതരത്തിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് വ്യക്തമാക്കാമോ? | (സി) | ഇല്ല.<br>JnNURM പദ്ധതിപ്രകാരം തിരുവനന്തപുരം, എറണാകുളം സിറ്റികൾക്കാണ് ബസ്സുകൾ അനുവദിച്ചിട്ടുള്ളത്. കേരളത്തിന്റെ സാഹചര്യവും അടുത്തടുത്ത സിറ്റികളുടെ ജനസാന്ദ്രതയും കണക്കിലെടുത്ത് നിലവിലുള്ള പ്രധാന സർവ്വീസുകൾ സമീപ ജില്ലാ ആസ്ഥാനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നത് യാത്രക്കാർക്ക് പ്രയോജനകരവും, കെ.എസ്.ആർ.ടി.സി. ക്ക് കൂടുതൽ വരുമാനം ലഭിക്കാൻ സഹായകവുമാണ്.<br>എന്നാൽ നഗര ഗതാഗതത്തിനുമാത്രമായി ആണ് ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രം കേരളത്തിലെ തിരുവനന്തപുരം, എറണാകുളം സിറ്റികൾക്കായി ബസ്സുകൾ അനുവദിച്ചിട്ടുള്ളത്. |

ജെ.എൻ.എൻ.യു.ആർ.എം

പദ്ധതിയുടെ മാനദണ്ഡം അനുസരിച്ച് ലഭ്യമാകുന്ന ബസ്സുകൾ നഗരപരിധി വിട്ട് സർവ്വീസ് നടത്താൻ പാടുള്ളതല്ല.

സെക്ഷൻ ഓഫീസർ